# പതിനാലാം കേരള നിയമസഭ
## 5-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 5894**

**25.05.2017 -ൽ മറുപടിയ്ക്ക്**

## ടൂറിസം മാസ്റ്റർ പ്ലാനുകൾ

**ചോദ്യം**

ശ്രീ.എ.എം. ആരിഫ്

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദവുമായ വികസന ലക്ഷ്യം കൈവരിക്കുന്നതിന്റെ ആദ്യ പടിയായി നടപ്പാക്കുന്ന മാസ്റ്റർ പ്ലാനുകളുടെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡെസ്റ്റിനേഷനുകളുടെ മാസ്റ്റർ പ്ലാനാണ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാനുകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

**ഉത്തരം**

(എ) & (ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അവ വിവിധ ഘട്ടങ്ങളിൽ ആണ്.നിലവിൽ കോവളം -പൂവാർ ടൂറിസം കോറിഡോർ ,കുമരകം ,ഫോർട്ട് കൊച്ചി ,തേക്കടി എന്നീ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് ഇതിൽ ഫോർട്ട് കൊച്ചി മാസ്റ്റർപ്ലാനിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഏജൻസികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാൻ ആദ്യഘട്ടത്തിൽ ബന്ധപ്പെട്ട വിവിധ വകുപ്പുമായി ചർച്ചകൾ സംഘടിപ്പിക്കുകയും അതിൽ നിന്ന് ഉരുത്തിരുയുന്ന അഭിപ്രായങ്ങളും നിർദ്ദശങ്ങളും കണക്കിലെടുത്തുകൊണ്ട് രണ്ടാംഘട്ടത്തിൽ അതാത് പ്രദേശങ്ങളിലെ ടൂറിസം സംരംഭകരും ഉപഭോക്താക്കളുമായും ചർച്ച നടത്തി അവരുടെ അഭിപ്രായങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടും തുടർന്ന് അതാത് പ്രദേശങ്ങളുടെ ജനപ്രതിനിധികളുടേയും മറ്റ് പൊതു പ്രവർത്തകരുമായി ചർച്ചകൾ നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി മാത്രമേ അംഗീകരിക്കുകയുള്ളു.
ഇത്തരത്തിൽ അംഗീകരിച്ച മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ അതത് സ്ഥലങ്ങളുടെ പ്രത്യേകത കൂടി ഉൾക്കൊള്ളിച്ചാണ് ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾക്കുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത്.

സെക്ഷൻ ഓഫീസർ